**മധുരമായ കുട്ടികളേ- ഈ ശരീരത്തെ കാണരുത് ആത്മാവിനെ കാണൂ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ആത്മാവിനോട് സംസാരിക്കൂ, ഈ അവസ്ഥ നേടണം, ഇത് തന്നെയാണ് ഉയർന്ന ലക്ഷ്യം.**

**ചോദ്യം –** നിങ്ങൾ കുട്ടികൾ അച്ഛനോടൊപ്പം മുകളിൽ (വീട്ടിലേയ്ക്ക്) എപ്പോൾ പോകും?
**ഉത്തരം –** എപ്പോഴാണോ അപവിത്രതയുടെ അളവ് അംശംപോലും ഇല്ലാതാകുന്നത്. ബാബ പവിത്രമാണ് അതുപോലെ നിങ്ങൾ കുട്ടികളും പവിത്രമായി മാറുമ്പോൾ മുകളിലേയ്ക്ക് പോകാൻ സാധിക്കും. ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയുടെ സന്മുഖത്താണ്. ജ്ഞാനസാഗരനിൽ നിന്നും ജ്ഞാനം കേട്ട് കേട്ട് നിങ്ങൾ പുഷ്പമായി മാറും, ബാബയെ ജ്ഞാനത്തിന്റെ കാര്യത്തിൽ കാലിയാക്കും പിന്നീട് ബാബയും സംതൃപ്തനാകും ശേഷം നിങ്ങൾ കുട്ടികൾ ശാന്തിധാമത്തിലേയ്ക്ക് പോകും. അവിടെ ജ്ഞാനം നൽകുന്നത് അവസാനിക്കും. എല്ലാം നൽകിക്കഴിഞ്ഞാൽ പിന്നെ ബാബയുടെ പാർട്ട് ശാന്തിയിലിരിക്കുക എന്നതാണ്.

**ഓംശാന്തി.** ശിവഭഗവാൻ ഉവാച. ശിവഭഗവാനുവാചാ എന്ന് കേൾക്കുമ്പോൾ മനസ്സിലാക്കണം- ഒരേയൊരു ശിവബാബ തന്നെയാണ് ഭഗവാൻ അഥവാ പരമപിതാവ്. അവരെത്തന്നെയാണ് നിങ്ങൾ കുട്ടികൾ അഥവാ ആത്മാക്കൾ ഓർമ്മിക്കുന്നത്. രചയിതാവായ ബാബയിൽ നിന്നും പരിചയം ലഭിച്ചിട്ടുണ്ട്. തീർച്ചയായും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചായിരിക്കും ഓർമ്മിക്കുന്നത്. എല്ലാവരും ഏകരസമായി ഓർമ്മിക്കുകയില്ല. ഇത് വളരെ സൂക്ഷ്മമായ കാര്യമാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ അതുപോലെ മറ്റുള്ളവരും ആത്മാവാണ് എന്ന് കരുതൂ, ഈ അവസ്ഥ നേടുന്നതിന് സമയം എടുക്കും. മനുഷ്യർക്കാണെങ്കിൽ ഒന്നും അറിയില്ല. അറിയാത്തതിനാൽ സർവ്വവ്യാപി എന്നു പറയുന്നു. എങ്ങനെയാണോ നിങ്ങൾ കുട്ടികൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നത്, ബാബയെ ഓർമ്മിക്കുന്നത്, അതുപോലെ മറ്റാർക്കും ഓർമ്മിക്കാൻ സാധിക്കില്ല. നമ്മൾ സഹോദരങ്ങളാണ് എന്ന് പറയുന്നുണ്ട് എങ്കിൽ ആത്മാവിനെ കാണണ്ടേ. ശരീരത്തെ കാണാൻ പാടില്ലല്ലോ. ഇത് വളരെ വലിയ ലക്ഷ്യമാണ്. ബാബയെ ഒരിയ്ക്കലും ഓർമ്മിക്കാത്തവരായും ഒരുപാടുപേരുണ്ട്. ആത്മാവിൽ കറ പിടിച്ചിട്ടുണ്ട്. മുഖ്യമായത് ആത്മാവിന്റെ കാര്യം തന്നെയാണ്. സതോപ്രധാനമായിരുന്ന ആത്മാവുതന്നെയാണ് ഇപ്പോൾ തമോപ്രധാനമായി മാറിയിരിക്കുന്നത്- ബാബയിൽ ഈ ജ്ഞാനമുണ്ട്. ജ്ഞാനസാഗരൻ പരമാത്മാവുതന്നെയാണ്. നിങ്ങൾ നിങ്ങളെ ജ്ഞാനസാഗരൻ എന്നു പറയില്ല. നിങ്ങൾക്ക് അറിയാം നമുക്ക് ബാബയിൽ നിന്നും മുഴുവൻ ജ്ഞാനവും എടുക്കണം. ബാബ ജ്ഞാനം തന്റെ കൈയ്യിൽ വെച്ച് എന്ത് ചെയ്യാനാണ്. അവിനാശിയായ ജ്ഞാനരത്നങ്ങളാകുന്ന ധനം കുട്ടികൾക്ക് നൽകുക തന്നെ വേണം. കുട്ടികൾ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് എടുക്കുന്നവരാണ്. ആരാണോ കൂടുതൽ എടുക്കുന്നത് അവർക്കേ നല്ലരീതിയിൽ സേവനം ചെയ്യാൻ സാധിക്കൂ. ബാബയെ ജ്ഞാനസാഗരൻ എന്നാണ് വിളിക്കുന്നത്. ബാബയും ആത്മാവാണ്, നിങ്ങളും ആത്മാക്കളാണ്. നിങ്ങൾ ആത്മാക്കൾ മുഴുവൻ ജ്ഞാനവും പ്രാപ്തമാക്കുകയാണ്. ബാബ എങ്ങനെ സദാ പവിത്രമാണോ അതുപോലെ നിങ്ങളും സദാ പവിത്രമായി മാറും. പിന്നീട് അപവിത്രതയുടെ അംശം പോലും ഇല്ലാതെയാകുമ്പോൾ നിങ്ങൾ മുകളിലേയ്ക്ക് പോകും. ബാബ ഓർമ്മയുടെ യാത്രയ്ക്കായുള്ള യുക്തികൾ പഠിപ്പിക്കുകയാണ്. മുഴുവൻ ദിവസവും ഓർമ്മ നിലനിൽക്കുന്നില്ല എന്ന കാര്യം അറിയാവുന്നതാണ്. ഇവിടെ നിങ്ങൾ കുട്ടികളെ അച്ഛൻ സന്മുഖത്ത് ഇരുത്തി പഠിപ്പിക്കുകയാണ്, ബാക്കിയുള്ള കുട്ടികളാരും സന്മുഖത്ത് കേൾക്കുന്നില്ല. മുരളി പഠിക്കുകയാണ് ചെയ്യുന്നത്. ഇവിടെ നിങ്ങൾ സന്മുഖത്താണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ അതുപോലെ ജ്ഞാനത്തേയും ധാരണ ചെയ്യൂ. നമുക്ക് ബാബയെപ്പോലെ സമ്പൂർണ്ണ ജ്ഞാനസാഗരമായി മാറണം. മുഴുവൻ ജ്ഞാനവും മനസ്സിലാക്കിയാൽ ബാബയെ ജ്ഞാനത്തിന്റെ കാര്യത്തിൽ കാലിയാക്കലാണ് പിന്നീട് ബാബയും സംതൃപ്തനാകും. ബാബ പിന്നെയും ജ്ഞാനം തുള്ളി തുള്ളിയായി നൽകിക്കൊണ്ടിരിക്കും എന്നല്ല. എല്ലാം നൽകിക്കഴിഞ്ഞാൽ പിന്നെ ബാബയുടെ പാർട്ട് ശാന്തിയിലിരിക്കുക എന്നതാണ്. നിങ്ങളും സൈലൻസിൽ ഇരിക്കുമ്പോൾ ജ്ഞാനം തുള്ളി തുള്ളിയായി നൽകില്ലല്ലോ. ഇതും ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ആത്മാവാണ് സംസ്ക്കാരത്തെ കൊണ്ടുപോകുന്നത്. ഏതെങ്കിലും സന്യാസിയുടെ ആത്മാവാണെങ്കിൽ അവർ ചെറുപ്പത്തിൽത്തന്നെ ശാസ്ത്രങ്ങൾ പഠിക്കാൻ തുടങ്ങും. പിന്നീട് അവർക്ക് വളരെ അധികം പ്രശസ്തിയും ഉണ്ടാകും. ഇപ്പോൾ നിങ്ങൾ വന്നിരിക്കുന്നത് പുതിയ ലോകത്തിലേയ്ക്ക് പോകുന്നതിനായാണ്. ജ്ഞാനത്തിന്റെ സംസ്ക്കാരവുംകൊണ്ട് അവിടേയ്ക്ക് പോകാൻ സാധിക്കില്ല. ഈ സംസ്ക്കാരം ഇല്ലാതാകുന്നു. ബാക്കി ആത്മാവിന് തന്റെ പുരുഷാർത്ഥത്തിന്റെ ആധാരത്തിൽ തന്റെ സ്ഥാനം നേടണം. പിന്നീട് നിങ്ങളുടെ ശരീരത്തിന് പേരുണ്ടാകും. ശിവബാബയാണെങ്കിൽ നിരാകാരനാ

ണ്. പറയുന്നു ഈ കർമ്മേന്ദ്രിയങ്ങൾ വാടകയ്ക്ക് എടുക്കുകയാണ്. ബാബ വരുന്നത് കേവലം കേൾപ്പിക്കുന്നതിനായാണ്. ബാബ സ്വയം ജ്ഞാനസാഗരനല്ലേ അതിനാൽ ബാബ ആരുടേയും ജ്ഞാനം കേൾക്കില്ല. മുഖം കൊണ്ടുമാത്രമാണ് ബാബ മുഖ്യമായ കാര്യം ചെയ്യുന്നത്. എല്ലാവർക്കും വഴി പറഞ്ഞുതരാൻ വേണ്ടിയാണ് വരുന്നതുതന്നെ. അല്ലാതെ കേട്ടിട്ട് എന്ത് ചെയ്യാൻ. ഇങ്ങനെ ഇങ്ങനെയെല്ലാം ചെയ്യൂ എന്ന് ബാബ സദാ കേൾപ്പിച്ചുകൊണ്ടിരിക്കുന്നു. മുഴുവൻ വൃക്ഷത്തിന്റേയും ജ്ഞാനം കേൾപ്പിക്കുന്നു. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് പുതിയ ലോകം വളരെ ചെറുതായിരിക്കും. ഈ പഴയലോകം എത്ര വലുതാണ്. മുഴുവൻ ലോകത്തിലുമായി എത്ര ലൈറ്റാണ് പ്രകാശിക്കുന്നത്. ലൈറ്റിലൂടെ എന്തെല്ലാമാണ് സംഭവിക്കുന്നത്. അവിടെയാണെങ്കിൽ ലോകവും ചെറുതായിരിക്കും ലൈറ്റും ചെറുതായിരിക്കും. ഒരു ചെറിയ ഗ്രാമം പോലെയായിരിക്കും. ഇപ്പോൾ എത്ര വലിയ വലിയ ഗ്രാമങ്ങളാണ്. അവിടെ ഇത്രയും പേരുണ്ടാകില്ല. മുഖ്യമായ വളരെ നല്ല കുറച്ച് വഴികളുണ്ടാകും. 5 തത്വങ്ങളും അവിടെ സതോപ്രധാനമായിരിക്കും. ഒരിയ്ക്കലും ചഞ്ചലമാകില്ല. സുഖധാമം എന്നാണ് വിളിക്കുന്നത്. പേരുതന്നെ സ്വർഗ്ഗം എന്നാണ്. മുന്നോട്ട് പോകവേ നിങ്ങൾ എത്രത്തോളം ബാബയ്ക്ക് സമീപത്തെത്തുന്നുവോ അത്രയും വൃദ്ധിയുണ്ടാകും. ബാബയും സാക്ഷാത്ക്കാരങ്ങൾ കാണിച്ചുതരും. പിന്നീട് ആ സമയത്ത് യുദ്ധത്തിന് ആയുധങ്ങളുടേയോ വിമാനത്തിന്റേയോ ആവശ്യംപോലും ഉണ്ടാകില്ല. അവർ പറയും ഞങ്ങൾക്ക് ഇവിടെ ഇരുന്നുകൊണ്ടുതന്നെ എല്ലാത്തിനേയും നശിപ്പിക്കാൻ സാധിക്കും. പിന്നീട് ഈ വിമാനങ്ങൾ കൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാകുമോ. പിന്നീട് ചന്ദ്രനിൽ പ്ലോട്ട് നോക്കാനൊന്നും പോകില്ല. ഇതെല്ലാം സയൻസിന്റെ അനാവശ്യമായ അഹങ്കാരമാണ്. എത്ര ഷോ ചെയ്യുന്നു. ജ്ഞാനത്തിൽ എത്ര സൈലൻസാണ് ഇതിനെ ഈശ്വരന്റെ വരദാനം എന്നാണ് പറയുന്നത്. സയൻസിലാണെങ്കിൽ ബഹളം തന്നെ ബഹളമാണ്. അവർക്ക് ശാന്തി എന്താണെന്നുപോലും അറിയില്ല.

നിങ്ങൾക്ക് അറിയാം വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നത് പുതിയ ലോകത്തിലാണ്, അതാണ് സുഖധാമം. ഇപ്പോഴാണെങ്കിൽ ദുഃഖവും അശാന്തിയുമാണ്. ഇതും മനസ്സിലാക്കിക്കൊടുക്കണം നിങ്ങൾ ശാന്തിയാണ് ആഗ്രഹിക്കുന്നത്, ഒരിയ്ക്കലും അശാന്തി ഇഷ്ടപ്പെടുന്നില്ല, എന്നാൽ അത് ശാന്തിധാമത്തിലും സുഖധാമത്തിലും മാത്രമാണുള്ളത്. സ്വർഗ്ഗം എല്ലാവരും ആഗ്രഹിക്കുന്നുണ്ട്. ഭാരതവാസികളാണ് വൈകുണ്ഠം അഥവാ സ്വർഗ്ഗത്തെ ഓർമ്മിക്കുന്നത്. മറ്റു ധർമ്മത്തിലുള്ളവർ വൈകുണ്ഠത്തെ ഓർമ്മിക്കുന്നില്ല. അവർ കേവലം ശാന്തിയെ ഓർമ്മിക്കും. സുഖത്തെ ഓർമ്മിക്കാൻ സാധിക്കില്ല. നിയമമില്ല. സുഖത്തെ ഓർമ്മിക്കുന്നത് നിങ്ങൾ മാത്രമാണ് അതിനാലാണ് ദുഃഖത്തിൽ നിന്നും രക്ഷിക്കൂ എന്നുപറഞ്ഞ് വിളിക്കുന്നത്. ആത്മാക്കൾ വാസ്തവത്തിൽ ശാന്തിധാമത്തിൽ വസിക്കുന്നവരാണ്. ഇതും ആർക്കും അറിയില്ല. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ വിവേകമില്ലാത്തവരായിരുന്നു. എപ്പോൾ മുതലാണ് വിവേകശൂന്യരായി മാറിയത്? 16 കലയിൽ നിന്നും 14–12 കലയുള്ളവരായി മാറി, അർത്ഥം വിവേകശൂന്യരായി മാറിക്കൊണ്ടിരുന്നു. ഇപ്പോൾ ഒരു കലയും ശേഷിക്കുന്നില്ല. സ്ത്രീകൾക്ക് എന്തുകൊണ്ട് ദുഃഖമുണ്ടാകുന്നു. എന്നിങ്ങനെയുള്ള വിഷയങ്ങളിൽ സമ്മേളനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. പക്ഷേ ദുഃഖം മുഴുവൻ ലോകത്തിലുമുണ്ട്. അളവില്ലാത്ത ദുഃഖമാണ്. ഇപ്പോൾ വിശ്വത്തിൽ ശാന്തി എങ്ങനെയുണ്ടാകും? ഇപ്പോൾ വളരെ അധികം ധർമ്മങ്ങളുണ്ട്. മുഴുവൻ വിശ്വത്തിലും ശാന്തിയുണ്ടാവുക എന്നത് ഇപ്പോൾ സാധ്യമല്ല. സുഖമെന്താണെന്നത് അറിയുന്നേയില്ല. നിങ്ങൾ കുട്ടികൾ ഇരുന്ന് മനസ്സിലാക്കിക്കൊടുക്കും ഈ ലോകത്തിൽ അനേക പ്രകാരത്തിലുള്ള ദുഃഖങ്ങളുണ്ട്, അശാന്തിയുണ്ട്! നമ്മൾ ആത്മാക്കൾ വന്നത് ശാന്തിധാമത്തിൽ നിന്നാണ് മാത്രമല്ല സുഖധാമത്തിലാണ് ഈ ആദി സനാതന ദേവീദേവതാ ധർമ്മമുണ്ടായിരുന്നത്. ആദി സനാതന ഹിന്ദു ധർമ്മം എന്ന് പറയാറില്ല. ആദി അർത്ഥം പ്രാചീനം. അത് സത്യയുഗത്തിലായിരുന്നു. ആ സമയത്ത് എല്ലാവരും പവിത്രമായിരുന്നു. അത് നിർവ്വികാരീ ലോകമായിരുന്നു, വികാരത്തിന്റെ പേരുപോലുമില്ല. വ്യത്യാസമില്ലേ. അതിനാൽ ആദ്യമാദ്യം നിർവ്വികാരികത ആവശ്യമാണ് അതിനാലാണ് ബാബ പറയുന്നത് മധുര മധുരമായ കുട്ടികളേ, കാമത്തിനുമേൽ വിജയം നേടൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഇപ്പോൾ ആത്മാവ് അപവിത്രമായിരിക്കുന്നു, ആത്മാവിൽ കറപറ്റിയിരിക്കുന്നു അതിനാൽ ആഭരണവും അങ്ങനെയുള്ളതാണ് ഉണ്ടാവുക. ആത്മാവ് പവിത്രമാണെങ്കിൽ ആഭരണവും പവിത്രമായിരിക്കും, അതിനെയാണ് നിർവ്വികാരി ലോകം എന്നു പറയുന്നത്. ആൽ മരത്തിന്റെ ഉദാഹരണവും നിങ്ങൾക്ക് നൽകാൻ സാധിക്കും. മുഴുവൻ വൃക്ഷവും നിൽക്കുന്നുണ്ട് എന്നാൽ അടിത്തറയില്ല. ഈ ആദി സനാതന ദേവീദേവതാ ധർമ്മം മാത്രമില്ല ബാക്കിയെല്ലാം നിൽക്കുന്നുണ്ട്. എല്ലാവരും അപവിത്രമാണ് അതിനാൽ ഇവരെയാണ് മനുഷ്യർ എന്നു പറയുന്നത്. അവരെ ദേവത എന്നാണ് വിളിക്കുന്നത്. ഞാൻ മനുഷ്യനെ ദേവതയാക്കി മാറ്റാനായി വന്നതാണ്. 84 ജന്മങ്ങൾ എടുക്കുന്നതും മനുഷ്യരാണ്. ഏണിപ്പടി കാണിച്ചുകൊടുക്കണം തമോപ്രധാനമാകുമ്പോഴാണ് ഹിന്ദു എന്നു വിളിക്കുന്നത്. ദേവതാ എന്നു വിളിക്കാൻ കഴിയില്ല എന്തെന്നാൽ പതിതമാണ്. ഇതാണ് ഡ്രാമയിലെ രഹസ്യം. ഇല്ലെങ്കിൽ ഹിന്ദു

ധർമ്മം എന്നൊന്ന് ഇല്ലേയില്ല. നമ്മൾ തന്നെയായിരുന്നു ആദി സനാതന ദേവീ ദേവതകൾ. ഭാരതം തന്നെ യായിരുന്നു പവിത്രമായിരുന്നത്, ഇപ്പോൾ അപവിത്രമാണ്. അതിനാലാണ് സ്വയം ഹിന്ദുവെന്ന് പറയുന്ന ത്. ഹിന്ദുധർമ്മം ആരും സ്ഥാപിച്ചതല്ല. ഇത് കുട്ടികൾ വളരെ നല്ലരീതിയിൽ ധാരണ ചെയ്ത് മനസ്സിലാക്കി ക്കൊടുക്കണം. ഇന്നുകാലത്ത് ആരും ഇത്ര സമയം നൽകുന്നില്ല. കുറഞ്ഞത് അര മണിക്കൂർ നൽകി യാലും പോയിന്റുകൾ കേൾപ്പിക്കണം. അനേകം പോയിന്റ്സുണ്ട്. പിന്നീട് അതിൽ നിന്നും വളരെ മുഖ്യ മായത് കേൾപ്പിക്കണം. പഠിപ്പിലും മുന്നേറുമ്പോൾ സഹജമായ അല്ലാഹുവും സമ്പത്തും എന്നതൊന്നും ഓർമ്മയിൽ ഉണ്ടാകില്ല. അത് മറന്നുപോയിട്ടുണ്ടാകും. നിങ്ങളോടും പറയും ഇപ്പോൾ നിങ്ങളുടെ ജ്ഞാനം മാറിയിരിക്കുന്നു. ഹേയ്, പഠിപ്പിൽ മുകളിലേയ്ക്ക് പോകുന്തോറും ആദ്യം പഠിച്ചത് മറന്ന് പോകുമല്ലോ. ബാബയും നമുക്ക് നിത്യവും പുതിയ പുതിയ കാര്യങ്ങൾ കേൾപ്പിക്കുന്നു. ആദ്യം സഹജമായിരുന്നു എന്നാൽ ഇപ്പോൾ ഗുഹ്യമായ കാര്യങ്ങൾ കേൾപ്പിക്കുന്നു. ജ്ഞാനസാഗരനല്ലേ. കേൾപ്പിച്ച് കേൾപ്പിച്ച് അവസാനം രണ്ട് വാക്കുകൾ പറയുന്നു അല്ലാഹുവിനെ മനസ്സിലാക്കിയെങ്കിൽ അതുമതി. അല്ലാഹുവിനെ മനസ്സിലാക്കുന്നതിലൂടെ സമ്പത്തിനേയും അറിയും. ഇത്രമാത്രം മനസ്സിലാക്കിക്കൊടുത്താലും മതി. കൂടു തൽ ജ്ഞാനം ധാരണ ചെയ്യാൻ സാധിക്കാത്തവർക്ക് ഉയർന്ന പദവി പ്രാപ്തമാക്കാനും സാധിക്കില്ല. പാസ് വിത്ത് ഓണറാവാൻ സാധിക്കില്ല. കർമ്മാതീത അവസ്ഥയെ നേടാൻ സാധിക്കില്ല, ഇതിൽ വളരെ വലിയ പ്രയത്നം ആവശ്യമാണ്. ഓർമ്മയുടേയും പരിശ്രമം വേണം. ജ്ഞാനം ധാരണ ചെയ്യുന്നതിലും പ്രയത്നിക്കണം. രണ്ടുകാര്യത്തിലും എല്ലാവരും സമർത്ഥരാവുക ഇതും സാധ്യമല്ല. രാജധാനി സ്ഥാപി ച്ചുകൊണ്ടിരിക്കുകയാണ്. എല്ലാവരും എങ്ങനെ നരനിൽ നിന്നും നാരായണനായി മാറും. ഈ ഗീതാപാ ഠശാലയുടെ പ്രഥമ ലക്ഷ്യം ഇതാണ്. ഇതാണ് ഗീതാജ്ഞാനം. ഇത് ആരാണ് നൽകുന്നത് എന്നതും നിങ്ങൾക്കല്ലാതെ മറ്റാർക്കും അറിയുകയില്ല. ഇപ്പോൾ ശവപ്പറമ്പാണ് ഇനി സ്വർഗ്ഗമായി മാറണം.

ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനചിതയിൽ ഇരുന്ന് പൂജാരിയിൽ നിന്നും പൂജ്യരായി തീർച്ചയായും മാറണം. സയൻസും എത്ര സമർത്ഥമായിക്കൊണ്ടിരിക്കുകയാണ്. കണ്ടുപിടുത്തങ്ങൾ പുറത്തിറക്കിക്കൊണ്ടിരിക്കു ന്നു. ഭാരതവാസികൾ ഓരോ കാര്യത്തിന്റെയും ബുദ്ധി വിദേശത്ത് പോയാണ് പഠിച്ചിട്ട് വരുന്നത്. അവരും അവസാന സമയത്ത് വരുമ്പോൾ ഇത്രയും ജ്ഞാനം എടുക്കില്ല. പിന്നീട് അവിടെ ചെന്നിട്ടും ഇതേ എഞ്ചി നീയറിംഗിന്റെ ജോലി ചെയ്യും. രാജാ– റാണിയായി മാറാൻ സാധിക്കില്ല, രാജാവിനും റാണിയ്ക്കും മുമ്പിൽ സേവനത്തിനായി ഉണ്ടാകും. ഇങ്ങനെയുള്ള കണ്ടുപിടുത്തങ്ങൾ ചെയ്ത് കൊണ്ടിരിക്കും. രാജാവും റാണിയുമായി മാറുന്നത് സുഖത്തിനുവേണ്ടിയാണ്. അവിടെ എല്ലാ സുഖങ്ങളും ലഭിക്കും. അതിനാൽ കുട്ടികൾ പൂർണ്ണമായും പുരുഷാർത്ഥം ചെയ്യണം. ഫുൾ പാസായി കർമ്മാതീത അവസ്ഥയെ പ്രാപ്തമാ ക്കണം. പെട്ടെന്ന് പോകണം എന്ന ചിന്ത വരാൻ പാടില്ല. ഇപ്പോൾ നിങ്ങൾ ഈശ്വരീയ സന്താനങ്ങളാണ്. ബാബ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇത് മനുഷ്യരെ പരിവർത്തനപ്പെടുത്തുന്നതിനുള്ള മിഷനാണ്. ബൗദ്ധികളുടെയും അതുപോലെ ക്രിസ്ത്യൻസിന്റേയും മിഷനറികൾ ഉണ്ടാകുമല്ലോ. കൃഷ്ണൻ, ക്രിസ്തു ഇവരുടെ രീതിയും യോജിക്കുന്നതാണ്. അവർക്ക് കൊടുക്കൽ വാങ്ങലിലും വളരെ അധികം ബന്ധമു ണ്ട്. ആരാണോ ഇത്രയും സഹായം നൽകുന്നത് അവരുടെ ഭാഷ മുതലായവയെ ഉപേക്ഷിക്കുക എന്നതും അപമാനിക്കലല്ലേ. അവർ വരുന്നത് പിന്നാലെയാണ്. വളരെ അധികം സുഖവും നേടുന്നില്ല, വളരെ അധികം ദുഃഖവും അനുഭവിക്കുന്നില്ല. മുഴുവൻ കണ്ടുപിടുത്തങ്ങളും നടത്തുന്നത് അവരാണ്. ഇവിടെ പരിശ്രമി ക്കുന്നുണ്ട് പക്ഷേ കൃത്യമായത് ഒരിയ്ക്കലും നിർമ്മിക്കാൻ സാധിക്കില്ല. വിദേശത്തെ വസ്തുക്കൾ നല്ല തായിരിക്കും. സത്യസന്ധതയോടെയാണ് നിർമ്മിക്കുന്നത്. ഇവിടെയാണെങ്കിൽ സത്യതയില്ലാതെയാണ് നിർമ്മിക്കുന്നത്, അളവില്ലാത്ത ദുഃഖമാണ്. സർവ്വരുടേയും ദുഃഖത്തെ ദൂരെയാക്കുന്നത് ഒരേയൊരു ബാബ യാണ് അല്ലാതെ ഒരു മനുഷ്യനെക്കൊണ്ട് സാധിക്കില്ല. വിശ്വത്തിൽ ശാന്തിയുണ്ടാകണം എന്നു കരുതി എത്രതന്നെ സമ്മേളനങ്ങൾ നടത്തിയാലും അവിടെയും ക്ഷീണിക്കുന്നു. കേവലം മാതാക്കളുടെ മാത്രം ദുഃഖമല്ല, ഇവിടെ അനേക പ്രകാരത്തിലുള്ള ദുഃഖങ്ങളുണ്ട്. മുഴുവൻ ലോകത്തിലും യുദ്ധത്തിന്റേയും നാശനഷ്ടത്തിന്റേയും കാര്യമേയുള്ളു. വിലയില്ലാത്ത പണത്തിനായി കൊലപാതകങ്ങൾ നടത്തുന്നു. അവിടെ ദുഃഖത്തിന്റെ കാര്യമേയുണ്ടാകില്ല. ഇതും കണക്കെടുക്കണം. യുദ്ധം എപ്പോൾ വേണമെങ്കിലും ആരംഭിക്കാം. ഭാരതത്തിൽ രാവണൻ എപ്പോഴാണോ വരുന്നത് അപ്പോൾ ആദ്യമാദ്യം വീടുകളിൽ വഴക്ക് ആരംഭിക്കുന്നു. പിണങ്ങിപ്പിരിയുന്നു, പരസ്പരം അടിച്ച് മരിക്കുന്നു പിന്നീടാണ് പുറത്തുള്ളവർ വരുന്നത്. ആദ്യം ബ്രിട്ടീഷുകാർ ഉണ്ടായിരുന്നില്ലല്ലോ പിന്നീടാണ് അവർ ഇടയിൽ വന്ന് കൈക്കൂലി മുതലായവ നൽകി രാജ്യം ഭരിക്കാൻ തുടങ്ങിയത്. എത്ര പകലും രാത്രിയും തമ്മിലുള്ള വ്യത്യാസമാണ്. പുതിയ വർക്ക് മനസ്സിലാക്കാൻ പറ്റില്ല. പുതിയ ജ്ഞാനമല്ലേ, പിന്നീട് ഇതിന് പ്രായലോപം സംഭവിക്കുന്നു. ബാബ ജ്ഞാനം നൽകുന്നു പിന്നീട് അത് അപ്രത്യക്ഷമാകുന്നു. ഈ ഒരേയൊരു പഠിപ്പ്, ഒരേയൊരു ബാബയിൽ നിന്നും ഒരേയൊരു തവണ മാത്രമാണ് ലഭിക്കുന്നത്. നിങ്ങൾ ഇതായി മാറും എന്നതിന്റെ സാക്ഷാത്ക്കാരം

മുന്നോട്ട് പോകവെ നിങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കും. പക്ഷേ ആ സമയത്ത് എന്ത് ചെയ്യാൻ സാധിക്കും. ഉന്നതി നേടാൻ സാധിക്കില്ല. റിസൾട്ട് വന്നാൽ പിന്നെ മാറ്റം ഉണ്ടാകേണ്ട സമയമാകും. പിന്നീട് കരയും നിലവിളിക്കും. നമ്മൾ പുതിയ ലോകത്തിലേയ്ക്ക് ട്രാൻസ്ഫറാകും. പെട്ടെന്ന് നാലുപാടും ശബ്ദം ഉയരട്ടെ എന്നു കരുതി നിങ്ങൾ വളരെ അധികം പരിശ്രമിക്കുന്നു. പിന്നീട് എല്ലാവരും സ്വയം സെന്ററിലേയ്ക്ക് ഓടിവരും. പക്ഷേ ഇത്രയും വൈകിപ്പോകും, ടൂലേറ്റ് ബോർഡ് വെച്ചിട്ടുണ്ടാകും. പിന്നീട് ഒന്നും സമ്പാദിക്കാൻ സാധിക്കില്ല. പൈസയുടെ ആവശ്യം ഉണ്ടാകില്ല. നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ ഈ ബാഡ്ജ് തന്നെ ധാരാളമാണ്. ഈ ബ്രഹ്മാവുതന്നെയാണ് വിഷ്ണു, ഈ വിഷ്ണു തന്നെയാണ് ബ്രഹ്മാവ്. ഈ ബാഡ്ജ് ഇങ്ങനെയുള്ളതാണ് ഇതിൽ മുഴുവൻ ശാസ്ത്രങ്ങളുടേയും സാരം അടങ്ങിയിരിക്കുന്നു. ബാബ ബാഡ്ജിന്റെ മഹിമ വളരെ അധികം ചെയ്യുന്നു. എല്ലാവരും നിങ്ങളുടെ ബാഡ്ജിനെ കണ്ണുകളിൽ വെയ്ക്കും ഇങ്ങനെയുള്ള സമയവും വരും. മന്മനാഭവ, ഇതിലുണ്ട്- എന്നെ ഓർമ്മിക്കുകയാണെങ്കിൽ ഇതായി മാറും. പിന്നീട് ഇതേ 84 ജന്മങ്ങൾ എടുക്കും. പുനർജന്മം എടുക്കാത്തത് ഒരേ ഒരു ബാബ മാത്രമാണ്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർക്കാലവന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ഓർമ്മിക്കുന്നതിനുള്ള പരിശ്രമവും ജ്ഞാനത്തിന്റെ ധാരണയും ചെയ്ത് കർമ്മാതീത അവസ്ഥ പ്രാപ്തമാക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. ജ്ഞാനസാഗരനിലെ സമ്പൂർണ്ണ ജ്ഞാനത്തെ സ്വയത്തിൽ ധാരണ ചെയ്യണം.

2. ആത്മാവിൽ പതിഞ്ഞ അഴുക്കിനെ ഇല്ലാതാക്കി സമ്പൂർണ്ണ നിർവ്വികാരിയായി മാറണം. അപവിത്രത അംശമാത്രപോലും ഉണ്ടാകരുത്. നമ്മൾ ആത്മാക്കൾ സഹോദര-സഹോദരങ്ങളാണ്......... ഈ അഭ്യാസം ചെയ്യണം.

## വരദാനം - സമയത്തിന്റെയും സങ്കല്പത്തിന്റെയും ഖജനാവിൽ ശ്രദ്ധ നൽകിക്കൊണ്ട് സമ്പാദ്യത്തിന്റെ ശേഖരണം വർദ്ധിപ്പിക്കുന്ന കോടിമങ്ങ് പതിയായി ഭവിയ്ക്കട്ടെ.

ധാരാളം ഖജനാക്കളുണ്ടെങ്കിലും സമയത്തിന്റെയും സങ്കല്പത്തിന്റെയും ഖജനാക്കളിൽ വിശേഷ ശ്രദ്ധ നൽകൂ. ഓരോ സമയവും സങ്കല്പം ശ്രേഷ്ഠവും ശുഭവുമാണെങ്കിൽ സമ്പാദ്യത്തിന്റെ ശേഖരണം വർദ്ധിക്കുന്നു. ഈ സമയം ഒരു മടങ്ങ് ശേഖരിക്കുകയാണെങ്കിൽ പതിന്മടങ്ങ് ലഭിക്കുന്നു. ഒന്നിന് കോടിമടങ്ങ് ലഭിക്കുന്നതിന്റെ ബാങ്കാണ്. അതിനാൽ എന്ത് തന്നെ ത്യാഗം ചെയ്യേണ്ടി വന്നാലും തപസ്സ് ചെയ്യേണ്ടതായി വന്നാലും വിനയത്തോടെ നിൽക്കേണ്ടി വന്നാലും എന്ത് തന്നെ സംഭവിച്ചാലും ഈ രണ്ട് ഖജനാക്കളിൽ ശ്രദ്ധ നൽകുകയാണെങ്കിൽ കോടിമടങ്ങ് പതിയായിമാറാം.

## സ്ലോഗൻ - മനോബലത്തോടെ സേവനം ചെയ്യുകയാണെങ്കിൽ അതിന്റെ പ്രാപ്തി പല മടങ്ങ് കൂടുതൽ ലഭിക്കുന്നു.